നിയമവിരുദ്ധ പണമിടപാടുകൾ നിയന്ത്രിക്കാൻ നടപടി

20 (*197) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിയമവിരുദ്ധമായ പണമിടപാടുകൾ നിയന്ത്രിക്കുവാൻ നിയമം നിലവിലുണ്ടോ; എങ്കിൽ അവ ഏതൊക്കെയാണ്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) നിയമം ഇല്ലെങ്കിൽ ഇക്കാര്യത്തിന് പുതിയ നിയമ നിർമ്മാണം നടത്തുവാൻ ഉദ്ദേശ്യമുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ-സി) ഉണ്ട്. 1958 -ലെ കേരളാ മണി ലെൻഡിംഗ് നിയമമനുസരിച്ച് പണമിടപാടു നടത്തുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ നിലവിലുള്ള നിയമം തന്നെ മതിയാകുന്നതാണ്.

1958-ലെ മണി ലെൻഡിംഗ് നിയമത്തിൽ വകുപ്പ് (1) പ്രകാരം പ്രസ്തുത നിയമത്തിന്റെ പരിധിയിൽ വരുന്ന പണമിടപാട് സ്ഥാപനം നടത്തുന്നതിന് ലൈസൻസ് എടുക്കേണ്ടതാണ്. വകുപ്പ് 4 ഉപവകുപ്പ് (6) പ്രകാരം ലൈസൻസ് ഓരോ വർഷവും പുതുക്കേണ്ടതാണ്. കൂടാതെ വകുപ്പ് 17 പ്രകാരം ലൈസൻസ് ഇല്ലാതെയോ ലൈസൻസിന് വിരുദ്ധമായോ പ്രവർത്തിക്കുന്നവരെ മൂന്നു മാസം മുതൽ മൂന്നു വർഷം വരെ തടവിനു ശിക്ഷിക്കുന്നതോ 50,000 രൂപ പിഴ ചുമത്താവുന്നതോ ആണ്. പ്രസ്തുത നിയമം വകുപ്പ് 18(സി) പ്രകാരം ലൈസൻസ് എടുക്കാതെ പണമിടപാട് നടത്തുകയോ കൃത്യമായ കണക്കുകൾ എഴുതി സൂക്ഷിക്കാതിരിക്കുകയോ, ബിസിനസ് സംബന്ധമായ റിട്ടേണുകൾ സമർപ്പിക്കാതിരിക്കുകയോ അമിതമായ പലിശ ഈടാക്കുകയോ ചെയ്താൽ ലൈസൻസ് നൽകിയ അധികാരിക്ക് മേൽ പണമിടപാട് സ്ഥാപനത്തിന്റെ പേരിൽ 25,000 രൂപ വരെ പിഴ ഈടാക്കാവുന്നതാണ്. ഇതിനുപുറമെ ഒരു പണമിടപാട് സ്ഥാപനം അവർ നൽകുന്ന വായ്പകൾക്കോ സ്വർണ്ണപ്പണയത്തിന്മേൽ നൽകുന്ന തുകയ്ക്കോ ഈടാക്കാവുന്ന പരമാവധി പലിശ നിശ്ചയിക്കുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാക്കിക്കൊണ്ട് കേരള മണി ലെൻഡേഴ്സ് ആക്ട് 2004-ലെ ധനകാര്യ ആക്ട് പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly